“വിശുദ്ധ ഖുർആൻ ഗ്രഹിക്കുക“
എന്ന ഈ പ്രോഗ്രാമിലേക്ക് താങ്കൾക്ക് സ്വാഗതം

ഖുർആൻ പഠിക്കാൻ താങ്കൾ സ്വയം തീരുമാനിച്ചിരിക്കുന്നു.

പിശാച് മനുഷ്യനെ എപ്പോഴും തെറ്റിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമെന്നോർക്കുക.
പിശാചിന്റെ വലയിൽപ്പെട്ടുപോകാതിരിക്കാൻ ശ്രദ്ധിക്കുക.

പിശാചിന് പ്രത്യേക രൂപമോ ഭാവമോ ഇല്ല.
അവൻ നിങ്ങളുടെ സുഹൃത്തിന്റെയോ ഭാര്യയുടെയോ കുട്ടികളുടെയോ താങ്കൾ ഇഷ്ടപ്പെടുന്ന മറ്റാരുടെയെങ്കിലുമോ ഒരു പണ്ഡിതന്റെതന്നെയോ രൂപത്തിലോ ഭാവത്തിലോ ആയിരിക്കും വരുക.

അതെ ഒരുപദേശിയുടെ രൂപത്തിലായിരിക്കും മിക്കപ്പോഴും അവൻ വരുക.

അതിനാൽ ഒരുകാരണവശാലും താങ്കൾ വച്ച ചുവട് പിന്നോട്ട് വലിക്കരുത്.
ഖുർആന്റെ പദാനുപദ അർഥം പഠിക്കുക മാത്രമാണ് ഈ പ്രോഗ്രാമിന്റെ ലക്ഷ്യം

ഡോ: അബ്ദുൽ അസീസ് അബ്ദുൽ റഹീം ദിവസം 15 മിനിറ്റ് വീതം പഠിക്കാനായി ഇംഗ്ലീഷിൽ തയ്യാറാക്കിയ പാഠങ്ങളാണ് ജോലിത്തിരക്കിനിടയിലും പഠിക്കാൻ സൗകര്യപ്പെടുന്നരീതിയിൽ (അനുഭവത്തിന്റെ വെളിച്ചത്തിൽ) ആഴ്ചയിലൊരിക്കൽ പഠിക്കാനായി നാം നിശ്ചയിച്ചിരിക്കുന്നത്.

ഖുർആനുമായും ഈ പാഠ്യ പദ്ധതിയിലെ പദങ്ങളുമായും അവയുടെ പരിഭാഷയുമായും നിരന്തരമായി ബന്ധം പുലർത്തിയെങ്കിൽ മാത്രമേ ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് സാധിക്കുകയുള്ളൂ.

പരസ്പരം പരിചയമോ ബന്ധമോ ഇല്ലാത്ത വ്യക്തികളായിരിക്കും ഈ പഠനവേദിയിൽ അണിനിരന്നിരിക്കുകയെന്ന് പറയേണ്ടതില്ലല്ലോ. അതിനാൽ ദയവായി സംഘടനാപരമായി അഭിപ്രായവ്യത്യാസമുള്ളവയുടെ വിശദീകരണം ചോദിക്കാതിരിക്കുക. അതല്ലാത്തവയുടെ വിശദീകരണം ആവശ്യപ്പെടുന്നവർക്ക് നമ്മുടെ വിഷയത്തിന്റെ പരിധിയിൽപ്പെടുന്നതാണെങ്കിൽ സംക്ഷിപതമായി ഇംഗ്ലീഷിൽ നൽകുന്നതായിരിക്കും. മലയാളം ടൈപ്പ് ചെയ്യാൻ കഴിയുന്ന പണ്ഡിതൻമാരുടെ സഹായം ലഭ്യമാക്കാനും ശ്രമിക്കുന്നതാണ്.

നമ്മുടെ ഉദ്യമങ്ങളെ അല്ലാഹു സൽക്കർമ്മമായി സ്വീകരിക്കുകയും അർഹമായ പ്രതിഫലം നൽകുകയും ചെയ്യട്ടെ. (ആമീൻ).